

ഹജ്ജ് തീർഥാടനവുമായി ബന്ധപ്പെട്ട് പല പരാമർശങ്ങളും വന്നിട്ടുള്ളതുകൊണ്ടാണ് ഇതിന് 'അൽഹജ്ജ്' എന്ന പേരുവന്നത്. ചില പണ്ഡിതന്മാർ ഇത് മക്കയിൽ അവതരിച്ചതാണെന്നും മറ്റു ചിലർ മദീനയിലവതരിച്ചതാണെന്നും പ്രസ്താവിച്ചിരിക്കുന്നു. രണ്ടിടത്തുമായി അവതരിച്ചതാണെന്ന അഭിപ്രായമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ - 22

# അൽഹജ്ജ്

മുസ്ഹഫിൽ 22-ാമത്തേതായി ചേർത്തിട്ടുള്ള ഈ സൂറഃ അവതരണക്രമമനുസരിച്ച് 105-ാമത്തേതാണെന്ന് പൂർവിക പണ്ഡിതന്മാർ പറയുന്നു. ഹജ്ജ് തീർഥാടനവുമായി ബന്ധപ്പെട്ട് പല പരാമർശങ്ങളും വന്നിട്ടുള്ളതുകൊണ്ടാണ് ഇതിന് 'അൽഹജ്ജ്' എന്ന പേരുവന്നത്. ചില പണ്ഡിതന്മാർ ഇത് മക്കയിൽ അവതരിച്ചതാണെന്നും മറ്റു ചിലർ മദീനയിലവതരിച്ചതാണെന്നും പ്രസ്താവിച്ചിരിക്കുന്നു. രണ്ടിടത്തുമായി അവതരിച്ചതാണെന്ന അഭിപ്രായമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. തുടക്കം മുതൽ 24-ാം സൂക്തം വരെ മക്കയിലും ശിഷ്ട ഭാഗം മദീനയിലും അവതരിച്ചതായി ചിലർ അനുമാനിക്കുന്നു. ഇന്നയിന്ന സൂക്തങ്ങൾ മക്കയിലും ഇന്നയിന്നവ മദീനയിലും അവതരിച്ചതാണെന്ന് കൃത്യമായി പറയുക പ്രയാസകരമാണ്. അതുകൊണ്ട് അധിക പണ്ഡിതന്മാരും ഇതിനെ مختلط-മക്കി സൂക്തങ്ങളുടെയും മദനി സൂക്തങ്ങളുടെയും സമ്മിശ്രം എന്നു വിശേഷിപ്പിച്ചിരിക്കുന്നു. സാമാന്യ വായനയിൽ ആശയം കൊണ്ടും ശൈലി കൊണ്ടും, മദീനയിലും മക്കയിലും അവതരിച്ച സൂക്തങ്ങൾ തിരിച്ചറിയും. ഉദാ: വിശ്വാസികൾക്ക് യുദ്ധം അനുവദിക്കുന്ന സൂക്തം മദീനയിൽ അവതരിച്ചതാണെന്ന് സ്പഷ്ടമാകുന്നു. അതുപോലെ 1,2 സൂക്തങ്ങൾ മക്കിയാണെന്നും വ്യക്തമാകുന്നു.

ഈ സൂറക്ക് ചില സവിശേഷതകൾ ഉള്ളതായി പൂർവികർ പ്രസ്താവിച്ചിരിക്കുന്നു. മക്കയിലും മദീനയിലുമായി അവതരിച്ചു എന്നതുതന്നെയാണൊന്ന്. ചില സൂക്തങ്ങൾ പകൽ സമയത്തും ചില സൂക്തങ്ങൾ രാത്രിയിലും അവതരിച്ചുവെന്നതാണ് മറ്റൊന്ന്. സമാധാനകാലത്തും യുദ്ധകാലത്തും അവതരിച്ചത്, നാസിഖും മൻസൂഖും ഉള്ളത്, മുഹ്കമാത്തും മുതശാബിഹാത്തും ഉള്ളത്, സഞ്ചാരവേളയിലും സ്ഥിരവാസ വേളയിലും അവതരിച്ചത്, രണ്ട് തിലാവത്തുസ്സുജൂദ് ഉള്ളത് എന്നിവയാണ് മറ്റു സവിശേഷതകൾ.

സൂറഃ മക്കിയും മദനിയും ചേർന്നതാണെന്നതിൽ നിന്നുതന്നെ അവതരണകാലം ഹിജ്റക്ക് തൊട്ടു മുമ്പും പിമ്പുമാണെന്ന് മനസ്സിലാക്കാവുന്നതാണ്. മക്കയിൽ ഖുറൈശികളുടെ എതിർപ്പും മർദനവും കൊടുമ്പിരിക്കൊണ്ട കാലം. വിശ്വാസികൾ ഓരോരുത്തരായി മദീനയിലേക്ക് പലായനം ചെയ്തുകൊണ്ടിരുന്നു. പ്രവാചകനും പുറപ്പെടാൻ അല്ലാഹുവിന്റെ അനുമതി കാത്തിരിക്കുകയാണ്. അനുമതി ലഭിച്ച് മദീനയിലെത്തിയ പ്രവാചകന് ഹാർദമായ സ്വീകരണവും സഹകരണവും ലഭിച്ചു. പ്രവാചകൻ അവിടെ അൻസ്വാറുകളെയും മുഹാജിറുകളെയും യഹൂദരെയും മറ്റുള്ളവരെയുമെല്ലാം ഉൾക്കൊള്ളിച്ചുള്ള ഒരു സാമൂഹിക സംവിധാനം സൃഷ്ടിച്ചു. ഇതോടൊപ്പം ചില പ്രശ്നങ്ങളുമുണ്ടായിരുന്നു. മുഹാജിറുകളുടെ പുനരധിവാസം,

# ഖുർആൻ ബോധനം

കപട വിശ്വാസികളുടെ ദ്രോഹങ്ങൾ. പ്രത്യക്ഷത്തിൽ മദീനാ സമൂഹത്തിന്റെ ഭാഗമായെങ്കിലും പ്രവാചകന്റെ ആഗമനവും നേതൃത്വവും ഇഷ്ടപ്പെടാത്തവരായിരുന്നു യഹൂദർ. ഈ പ്രശ്നങ്ങൾക്ക് പുറമേ മദീനയിലെ മുസ്‌ലിം സമൂഹത്തെ തങ്ങൾക്കെതിരെയുള്ള വൻ വെല്ലുവിളിയായി കാണുന്ന ഖുറൈശികൾ. സായുധമായ ഒരാക്രമണത്തിലൂടെ ഈ വെല്ലുവിളി എന്നന്നേക്കുമായി അവസാനിപ്പിക്കാൻ തക്കം പാർത്തു കഴിയുകയാണവർ.

മുൻ സൂറയുടെ ഒടുക്കവും ഈ സൂറയുടെ തുടക്കവും തമ്മിൽ സുദൃഢമായ ബന്ധമുണ്ട്. രണ്ടും പ്രതിപാദിക്കുന്നത് ഒരേ വിഷയമാണ്. സത്യ വാഗ്ദാനത്തിന്റെ സമയം അടുത്തെത്തിയിരിക്കുന്നു. وَٱقْتَرَبَ ٱلْوَعْدُ ٱلْحَقُّ എന്നു പറഞ്ഞുകൊണ്ട് അന്ത്യനാളിന്റെ വിഹ്വലതകൾ വർണിച്ചാണ് മുൻ സൂറഃ അവസാനിച്ചത്. അന്ത്യനാളിന്റെ ഭീകരത പറഞ്ഞുകൊണ്ടുതന്നെയാണ് ഈ സൂറഃ ആരംഭിക്കുന്നത്. മുൻ സൂറയിൽ കുറെ പ്രവാചകവര്യന്മാരുടെ ജീവിതകഥകൾ വിവരിച്ചിരിക്കുന്നു. അവർ പ്രബോധനം ചെയ്ത ഏകദൈവത്വം, പരലോകം തുടങ്ങിയ മൂല്യങ്ങളും പരാമർശിച്ചിരിക്കുന്നു. ഈ സൂറയിൽ അല്ലാഹുവിന്റെ ഏകത്വവും സൃഷ്ടിവൈഭവവും അടയാളപ്പെടുത്തുന്ന തെളിവുകൾ ഊന്നിപ്പറയുകയാണ്. പൂർവ മാതൃകയില്ലാതെ പ്രപഞ്ചത്തെ ഉളവാക്കിയതും അതിൽ പല പല പരിണാമങ്ങളിലൂടെ മനുഷ്യനെ സൃഷ്ടിച്ചതും അല്ലാഹുവിന്റെ ആസ്തിക്യത്തെയും ഏകത്വത്തെയും താൻ സൃഷ്ടിച്ച സൃഷ്ടികളെ പുനഃസൃഷ്ടിക്കാനുള്ള കഴിവിനെയും വിളിച്ചോതുന്നു. തുടർന്ന് ജഡികാസക്തികൾക്കടിപ്പെട്ട് പ്രവാചകന്മാരുടെ സന്ദേശങ്ങൾ തള്ളിപ്പറഞ്ഞുവാണതു മൂലം നാശമടഞ്ഞ ജനതകളുടെ അവസ്ഥകളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും അവരിൽ നിന്ന് പാഠമുൾക്കൊള്ളാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ഇതും ഈ സൂറയെ മുൻ സൂറയുമായി താദാത്മ്യപ്പെടുത്തുന്നു.

ലോകാവസാനത്തിന്റെ ഭീകരാവസ്ഥ വർണിച്ചുകൊണ്ടാണ് സൂറഃ ആരംഭിക്കുന്നത്. അതിൽ നിന്ന് ഉയിർത്തെഴുന്നേൽപിന്റെയും വിചാരണയുടെയും രക്ഷാശിക്ഷകളുടെയും വിവരണത്തിലേക്ക് നീങ്ങുന്നു. രക്ഷാർഹരായ നീതിമാന്മാരെ കുറിച്ചും ശിക്ഷാർഹരായ ധർമനിഷേധികളെക്കുറിച്ചും പറയുന്ന കൂട്ടത്തിൽ വിശ്വാസത്തിലേക്കും നിഷേധത്തിലേക്കും ചാഞ്ചാടിക്കൊണ്ടിരിക്കുന്ന കപടന്മാരെക്കുറിച്ചും പറയുന്നുണ്ട്. അനന്തരം മസ്ജിദുൽ ഹറമിനെക്കുറിച്ചും ഹജ്ജ് തീർഥാടനത്തെക്കുറിച്ചും അതിന്റെ പ്രയോജനങ്ങളെക്കുറിച്ചും അതുമായി ബന്ധപ്പെട്ട പവിത്ര ചിഹ്നങ്ങളെക്കുറിച്ചും അനുഷ്ഠാനങ്ങളെക്കുറിച്ചും പറയുന്നു. ഇതിലെ 27-ാം സൂക്തമാണ് വിശ്വാസികൾക്ക് ഹജ്ജ് നിർബന്ധ ബാധ്യതയായി കൽപിച്ചതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സൂറയിൽ ഹജ്ജിന്റെ മഹത്വം വർണിച്ചുകൊണ്ട്, പിന്നീടത് നിർബന്ധമാക്കിയേക്കാമെന്ന സൂചനയാണുള്ളതെന്നും ഹജ്ജ് നിർബന്ധമായി കൽപിച്ചത് സൂറഃ *അൽബഖറ*യിലെ 125-ാം സൂക്തവും *ആലുഇംറാനി*ലെ 97-ാം സൂക്തവുമാണെന്നാണ് മറ്റൊരു അഭിപ്രായം. അനന്തരം സത്യവിശ്വാസികൾക്ക് സായുധ പ്രവർത്തനം അനുവദിച്ചുകൊണ്ട് അതിന്റെ ന്യായങ്ങളും യുദ്ധത്തിൽ ശത്രുക്കളെ അതിജയിക്കാനുള്ള ഉപാധികളും വിശദീകരിക്കുന്നു.

സ്വജനങ്ങളുടെ കൊടിയ ദ്രോഹങ്ങൾ നേരിടുന്ന പ്രവാചകനെ ഈ സൂറഃ നന്നായി ആശ്വസിപ്പിക്കുന്നുണ്ട്. പ്രവാചകന്റെ ചുമതല സുവിശേഷവും മുന്നറിയിപ്പും മാത്രമാണ്. ആളുകൾ അത് തള്ളിക്കളയുന്നതിൽ പ്രവാചകന് ഉത്തരവാദിത്തമില്ല. അന്തിമ വിജയം സന്മാർഗ ചാരികളായ ദൈവഭക്തന്മാർക്കു തന്നെയായിരിക്കും. ശാശ്വതമായ സ്വർഗമാണവരെ കാത്തിരിക്കുന്നത്. മർദനം സഹിക്കാനാവാതെ ആദർശത്തിനു വേണ്ടി നാടും വീടും വെടിഞ്ഞ് പലായനം ചെയ്ത വിശ്വാസികൾ ഏറെ ശ്രേഷ്ഠരാകുന്നു. എന്നാൽ, പ്രവാചകനെയും ഖുർആനെയും നിഷേധിക്കുന്നവരെ കാത്തിരിക്കുന്നത് നിത്യ നരകമാണ്. ഈ ലോകത്ത് അവർ ചെയ്ത എല്ലാ ദുഷ്ടതകൾക്കും അല്ലാഹുവിന്റെ മുന്നിൽ മറുപടി പറയേണ്ടിവരും. പ്രവാചകനും ശിഷ്യന്മാരും സഹിക്കുന്ന യാതനകളൊന്നും പാഴായിപ്പോകുന്നില്ല. എല്ലാ ക്ലേശങ്ങൾക്കും അർഹമായ പ്രതിഫലം ലഭിക്കുന്ന ഒരു നാൾ വരാനിരിക്കുന്നു.

ഈ സാന്ത്വന വചസ്സുകൾക്കു ശേഷം അല്ലാഹുവിന്റെ അപാരമായ കഴിവിലേക്കും സൃഷ്ടിവൈഭവത്തിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. രാപ്പകലുകൾ, ആകാശഭൂമികൾ, ജനിമൃതികൾ എല്ലാം അവന്റെ സർവശക്തിയുടെയും സർവജ്ഞാനത്തിന്റെയും ദൃഷ്ടാന്തങ്ങളാകുന്നു. എന്നാൽ ഈ ദൈവിക ദൃഷ്ടാന്തങ്ങളെയെല്ലാം സത്യനിഷേധികൾ ധാർഷ്ട്യത്തോടെ അവഗണിക്കുകയാണ്. അതേപ്പറ്റി ഉണർത്തുമ്പോൾ അവരുടെ മുഖത്ത് കോപം പ്രകടമാകുന്നു. അവർ പൂജിക്കുന്ന വിഗ്രഹങ്ങൾക്ക് മനുഷ്യനെ സൃഷ്ടിക്കുന്നതും അവന്റെ ഭാഗധേയം നിർണയിക്കുന്നതുമിരിക്കട്ടെ, ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കാനാവില്ല. ഒരു ഈച്ച മൂക്കിൻ തുമ്പിലിരുന്നാൽ അതിനെ ആട്ടിയകറ്റാൻ പോലും അശക്തമാണവ. അല്ലാഹുവിന്റെ യഥാർഥ മഹത്വവും പ്രതാപവും ഉൾക്കൊള്ളേണ്ടവിധം ഉൾക്കൊള്ളാത്തതുകൊണ്ടാണ് ആളുകൾ ഇത്തരം നിസ്സാര സൃഷ്ടികളെ അവന്റെ പങ്കാളികളായി കൽപിക്കുന്നത്.

മുസ്‌ലിംകളുടെ നിർബന്ധ ബാധ്യതകളായ നമസ്കാരം, സകാത്ത്, ജിഹാദ് എന്നിവയെക്കുറിച്ചുള്ള വിധികളും ഈ സൂറഃ ഉൾക്കൊള്ളുന്നുണ്ട്. ഒപ്പം ഇസ്‌ലാമിന്റെ വിശാലതയും വിട്ടുവീഴ്ചാ നിലപാടും ഓർമിപ്പിച്ചുകൊണ്ട് ഈ ദീൻ സരളമാണെന്നും ക്ലിഷ്ടമല്ലെന്നും പറയുന്നു. ദൈവിക ദീനിനെയും ഖുർആനെയും മുറുകെപ്പിടിക്കാൻ ഉപദേശിച്ചുകൊണ്ടാണ് സൂറഃ സമാപിക്കുന്നത്. അന്ത്യനാളിൽ പ്രവാചകൻ തന്റെ സമുദായത്തിന്റെ സാക്ഷിയായിരിക്കും. തങ്ങൾ പ്രവാചക സന്ദേശം എത്തിച്ചുകൊടുത്തിരിക്കുന്നുവെന്നതിന് ഈ സമുദായം ഇതര സമുദായങ്ങൾക്കും സാക്ഷികളായിരിക്കും. അത് മുഹമ്മദീയ സമുദായത്തിന്റെ സവിശേഷതയും ഗുരുതരമായ ഉത്തരവാദിത്തവുമാകുന്നു.

സൂറഃ മൊത്തത്തിൽ മുഴുവൻ മനുഷ്യരെ സംബോ

ധന ചെയ്യുന്നതാണെങ്കിലും മക്കയിൽ അവതരിച്ച പ്രാരംഭ സൂക്തങ്ങളുടെ പ്രഥമ സംബോധിതർ വിഗ്രഹാരാധകരാണ്. വിഗ്രഹാരാധനയുടെ അർഥശൂന്യത വിശദീകരിച്ചുകൊണ്ട്, അതുമൂലം പിന്നീട് നേരിടേണ്ടിവരുന്ന വിപത്തുകൾ ചൂണ്ടിക്കാണിക്കുകയാണതിൽ. ചില സൂക്തങ്ങളുടെ സംബോധിതർ വിശ്വാസത്തിനും നിഷേധത്തിനുമിടയിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നവരാണ്. ഇസ്‌ലാമിൽ നിൽക്കുന്നതിലൂടെ വല്ല ഭൗതിക നേട്ടവും ലഭിക്കുകയാണെങ്കിൽ അവർ സംതൃപ്തരാകുന്നു. നഷ്ടങ്ങളും ത്യാഗങ്ങളും നേരിടേണ്ടിവരുമ്പോൾ പിന്നോട്ടടിക്കുന്നു. അപ്പോൾ അവർക്ക് ഇസ്‌ലാം വേണ്ട. അല്ലാഹുവും വേണ്ട. ഈ നിലപാടിനെ സൂറഃ രൂക്ഷമായി ആക്ഷേപിച്ചിരിക്കുന്നു. വിശ്വാസികൾ പ്രഥമ സംബോധിതരായ സൂക്തങ്ങളിൽ അവർക്ക് മുസ്‌ലിംകൾ (അല്ലാഹുവിൽ സമർപ്പിതർ) എന്ന് നാമകരണം ചെയ്യപ്പെട്ടതായി പ്രസ്താവിക്കുന്നു. നമസ്കാരം, സകാത്ത് തുടങ്ങിയ സൽകർമങ്ങളനുഷ്ഠിച്ച് ഉത്തമ ജീവിതത്തിന്റെ മാതൃകകളാകാൻ ഉപദേശിക്കുന്നു. ദൈവിക ദീൻ നിലനിർത്തുന്നതിനു വേണ്ടി ജീവൻ കൊണ്ടും ധനം കൊണ്ടും ജിഹാദ് ചെയ്യേണ്ടതാവശ്യമായി വരുമ്പോൾ അതിനു സന്നദ്ധരാവണം. ജനങ്ങളിൽ സ്വാധീനവും അധികാരവും ലഭിക്കുമ്പോൾ എങ്ങനെ പ്രവർത്തിക്കണമെന്നും വിശദീകരിച്ചിരിക്കുന്നു.

---

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمۡۚ إِنَّ زَلۡزَلَةَ ٱلسَّاعَةِ شَيۡءٌ عَظِيمٞ ١

1. അല്ലയോ മർത്യരേ, വിധാതാവിന്റെ കോപം കാത്തുകൊള്ളുവിൻ. ലോകാവസാന വേളയിലെ പ്രകമ്പനം അതിഭയാനകം തന്നെയാകുന്നു.

يَوۡمَ تَرَوۡنَهَا تَذۡهَلُ كُلُّ مُرۡضِعَةٍ عَمَّآ أَرۡضَعَتۡ وَتَضَعُ كُلُّ ذَاتِ حَمۡلٍ حَمۡلَهَا وَتَرَى ٱلنَّاسَ سُكَٰرَىٰ وَمَا هُم بِسُكَٰرَىٰ وَلَٰكِنَّ عَذَابَ ٱللَّهِ شَدِيدٞ ٢

2. നിങ്ങളതു കാണും നാളിൽ മുലയൂട്ടുന്ന മാതാക്കളൊക്കെയും അവരുടെ പൈതങ്ങളെ മറന്ന് അന്ധാളിച്ചു പോകുന്നു. ഗർഭിണികളൊക്കെയും ഗർഭം വിസർജിച്ചു പോകുന്നു. ആളുകളെ ഉന്മാദികളായി കാണാം. എന്നാൽ അവർ ലഹരി ബാധിച്ചവരൊന്നുമല്ല. പ്രത്യുത ദൈവിക ശിക്ഷ അത്രക്കു കൊടൂരമായിരിക്കും.

**1,2**

يَٰٓأَيُّهَا ٱلنَّاسُ = അല്ലയോ മർത്യരേ  ٱتَّقُواْ = നിങ്ങൾ കാത്തുകൊള്ളുവിൻ  رَبَّكُمۡ = നിങ്ങളുടെ വിധാതാവിനെ

إِنَّ زَلۡزَلَةَ ٱلسَّاعَةِ = ആ നിമിഷത്തിന്റെ (ലോകാവസാന വേളയിലെ) പ്രകമ്പനം

شَيۡءٌ عَظِيمٞ = അതിഭയാനകമായ കാര്യം തന്നെയാകുന്നു  يَوۡمَ تَرَوۡنَهَا = നിങ്ങൾ അതു കാണും നാളിൽ

تَذۡهَلُ = മറന്ന് (അന്ധാളിച്ചു) പോകും  كُلُّ مُرۡضِعَةٍ = മുലയൂട്ടുന്നവൾ (മാതാക്കൾ)ഒക്കെയും

عَمَّآ أَرۡضَعَتۡ = അവൾ മുലയൂട്ടിയതിനെക്കുറിച്ച് (അവരുടെ പൈതങ്ങളെ)

وَتَضَعُ = വെക്കുന്നു, അലറുന്നു (വിസർജിച്ചു പോകുന്നു)

كُلُّ ذَاتِ حَمۡلٍ = എല്ലാ ഗർഭമുടയവളും (ഗർഭിണികളൊക്കെയും)

حَمۡلَهَا = അവളുടെ ഗർഭം  وَتَرَى ٱلنَّاسَ = ആളുകളെ നീ കാണും

سُكَٰرَىٰ = ലഹരി ബാധിച്ചവരായി (ഉന്മാദികളായി)  وَمَا هُم = (എന്നാൽ) അവർ അല്ല

بِسُكَٰرَىٰ = ലഹരി ബാധിച്ചവർ (ഒന്നും)  وَلَٰكِنَّ = പക്ഷേ, പ്രത്യുത  عَذَابَ ٱللَّهِ = ദൈവിക ശിക്ഷ

شَدِيدٞ = (അത്രക്ക്) കൊടൂരമായിരിക്കും

# ഖുർആൻ ബോധനം

സംബോധന ചെയ്യുന്നത് മനുഷ്യ വർഗത്തെ മുഴുവനാണെങ്കിലും മുന്നിലുള്ളത് ലോകാവസാനത്തെയും ഉയിർത്തെഴുന്നേൽപിനെയും നിഷേധിച്ചുകൊണ്ട് വിഗ്രഹാരാധനയിലും തജ്ജന്യമായ അനാചാരങ്ങളിലും ശഠിച്ചുനിൽക്കുന്ന ഖുറൈശികളാണ്. ഉയിർത്തെഴുന്നേൽപും വിചാരണയുമൊക്കെ സത്യമാണെങ്കിൽ അതു സംഭവിച്ചുകാണട്ടെ എന്നു വെല്ലുവിളിക്കുകയാണവർ. അല്ലാഹു അവരോട് പറയുകയാണ്. ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും പ്രക്രിയ നിങ്ങൾ വിചാരിക്കുന്നപോലെ നിസ്സാരമല്ല. നിങ്ങളുടെ സങ്കൽപങ്ങൾക്കതീതമാം വണ്ണം ഗുരുതരവും ഭയാനകവുമാണത്. ആവശ്യപ്പെടേണ്ട അനുഗ്രഹമല്ല; അഭയം തേടേണ്ട വിപത്താണ്. പ്രപഞ്ച സംവിധാനമൊക്കെ തകിടം മറിയുന്ന മഹാപ്രകമ്പനം. ലോകാവസാനത്തിന്റെ ആദ്യ വിസിൽ മുഴങ്ങുമ്പോഴാണ് ആ പ്രകമ്പനമുണ്ടാവുക എന്നാണ് മനസ്സിലാകുന്നത്. അപ്പോൾ ഭൂമി കീഴ്മേൽ മറിയുകയും സൂര്യൻ പടിഞ്ഞാറു നിന്ന് ഉദിക്കുകയും ചെയ്യുമെന്ന് പൗരാണിക ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു.

ഇതു സംബന്ധിച്ച് നബി(സ) പ്രസ്താവിച്ചതായി ഇബ്നു ജരീർ, ത്വബറാനി തുടങ്ങിയവർ ഉദ്ധരിക്കുന്ന നിവേദനത്തിൽ മൂന്ന് കാഹളമുഴക്കത്തെപ്പറ്റി പറയുന്നുണ്ട്. ഒന്ന് ഭയത്തിന്റെ കാഹളം. രണ്ട്, വീഴ്ചയുടെ കാഹളം. മൂന്ന്, ഉയിർത്തെഴുന്നേൽപിന്റെ കാഹളം. ഒന്നാമത്തെ കാഹളമുഴക്കത്തെ ഖുർആൻ പല സ്ഥലങ്ങളിൽ വർണിക്കുന്നുണ്ട്.

فَإِذَا نُفِخَ فِى ٱلصُّورِ نَفۡخَةٌ وَٰحِدَةٌ ﴿١٣﴾ وَحُمِلَتِ ٱلۡأَرۡضُ وَٱلۡجِبَالُ فَدُكَّتَا
دَكَّةً وَٰحِدَةً ﴿١٤﴾ فَيَوۡمَئِذٍ وَقَعَتِ ٱلۡوَاقِعَةُ ﴿١٥﴾

(കാഹളത്തിൽ ഒരു വട്ടം ഊതപ്പെടുകയും ഭൂമിയും പർവതങ്ങളും പൊക്കിയെടുത്ത് ഒറ്റയടിക്ക് ഉടച്ചു പൊട്ടിക്കപ്പെടുകയും ചെയ്യുമ്പോൾ, അന്നാളിലത്രേ അനിവാര്യമായി സംഭവിക്കേണ്ട ആ സംഗതി സംഭവിക്കുക- *അൽഹാഖ* 13-15).

إِذَا زُلۡزِلَتِ ٱلۡأَرۡضُ زِلۡزَالَهَا ﴿١﴾ وَأَخۡرَجَتِ ٱلۡأَرۡضُ أَثۡقَالَهَا ﴿٢﴾ (ഭൂമി രൗദ്രമായി വിറപ്പിക്കപ്പെടുമ്പോൾ, ഭൂമി അതിനകത്തെ ഭാരങ്ങൾ പുറം തള്ളുമ്പോൾ- *അസ്സിൽസാൽ* 1,2).

وَإِنَّ ٱلدِّينَ لَوَٰقِعٌ ﴿٦﴾ وَٱلسَّمَآءِ ذَاتِ ٱلۡحُبُكِ ﴿٧﴾ إِنَّكُمۡ لَفِى قَوۡلٍ مُّخۡتَلِفٍ
يُؤۡفَكُ عَنۡهُ مَنۡ أُفِكَ ﴿٨﴾ ﴿٩﴾

(ബീഭത്സമായ പ്രകമ്പന സ്ഫോടനവും തുടർന്ന് മറ്റൊരു സ്ഫോടനവും സംഭവിക്കുന്ന ദിവസം; അന്ന് ചില ഹൃദയങ്ങൾ കിടിലം കൊള്ളുന്നു. സംഭ്രമത്താൽ കണ്ണുകൾ തുറിച്ചു പോകുന്നു- *അദ്ദാരിയാത്ത്* 6-9).

إِذَا رُجَّتِ ٱلۡأَرۡضُ رَجًّا ﴿٤﴾ وَبُسَّتِ ٱلۡجِبَالُ بَسًّا ﴿٥﴾ فَكَانَتۡ هَبَآءً
مُّنۢبَثًّا ﴿٦﴾

(ഭൂമി വിറപ്പിക്കപ്പെടുകയും പർവതങ്ങൾ പൊടിക്കപ്പെട്ട് ധൂളിയായി പറക്കുകയും ചെയ്യുന്ന സന്ദർഭം- *അൽവാഖിഅ* 4-6).

فَكَيۡفَ تَتَّقُونَ إِن كَفَرۡتُمۡ يَوۡمًا يَجۡعَلُ ٱلۡوِلۡدَٰنَ شِيبًا ﴿١٧﴾ ٱلسَّمَآءُ مُنفَطِرُۢ
بِهِۦۚ كَانَ وَعۡدُهُۥ مَفۡعُولًا ﴿١٨﴾

(നിഷേധിക്കുന്നുവെങ്കിൽ, കുട്ടികളെ നരച്ചവരാക്കുകയും മാനം പൊട്ടിപ്പിളരുകയും ചെയ്യുന്ന നാളിൽ നിങ്ങൾ രക്ഷപ്പെടുന്നതെങ്ങനെ?- *അൽ മുസമ്മിൽ* 17,18).

അന്ന് ജീവിച്ചിരിക്കുന്ന മനുഷ്യരുടെ അവസ്ഥയാണ് ഈ സൂക്തങ്ങൾ വിവരിക്കുന്നത്. ആളുകൾ ഭയാക്രാന്തരാകും. ഉന്മാദികളെ പോലെ വെപ്രാളപ്പെടും. എന്നാൽ അത് ലഹരിക്കടിപ്പെട്ടതു കൊണ്ടാവില്ല. ദൈവിക ശിക്ഷയുടെ കൊടൂരതയാൽ സമചിത്തത നഷ്ടപ്പെടുകയാണ്. എല്ലാവരും അവരവരെക്കുറിച്ചു മാത്രമേ ചിന്തിക്കൂ. മാതാപിതാക്കൾ, പുത്രകളത്രാദികൾ, ബന്ധു ജനങ്ങൾ, സുഹൃത്തുക്കൾ തുടങ്ങിയ ആരെയും ശ്രദ്ധിക്കാൻ കഴിയില്ല. ആർക്കും പരസ്പരം സഹായിക്കാനുമാവില്ല. എത്രത്തോളമെന്നാൽ മുലയൂട്ടുന്ന സ്ത്രീ താൻ നൊന്തു പെറ്റ കരളിന്റെ കരളായ ഓമന പൈതലിനെപ്പോലും മറന്നുപോകുന്നു. അവർക്കും അപ്പോൾ വലുത് സ്വന്തം തടിയായിരിക്കും. ഭയാക്രാന്തതയാൽ ഗർഭിണികളുടെ ഗർഭം അലസിപ്പോവുന്നു.

ഇവിടെ സംബോധിതരെ ഒരേസമയം ഏകവചനത്തിലും ബഹുവചനത്തിലും പറഞ്ഞിരിക്കുന്നു. സംഘത്തെ ഏകവചനത്തിൽ പറയുന്നത് അതിലെ ഓരോരുത്തരെയും വ്യക്തിപരമായി ഉദ്ദേശിക്കുമ്പോഴാണ്. ബഹുവചനത്തിൽ പറയുന്നതിനെക്കാൾ ശക്തിയുണ്ടതിന്. زَلۡزَلَةَ ٱلسَّاعَةِ عَظِيمٌ എന്നു പറഞ്ഞാൽ തന്നെ ലോകാവസാന വേളയിലെ പ്രകമ്പനം അതിഭയാനകമാണ് എന്ന അർഥം ലഭിക്കും. شَيۡءٌ عَظِيمٌ എന്ന വാക്ക് അതിന്റെ ഭയാനകതയെ കൂടുതൽ മുഴപ്പിച്ചു കാണിക്കുന്നു. ذهول-ൽ നിന്നുള്ള ക്രിയയാണ് تذهل. സാമാന്യ മനുഷ്യൻ ഒരിക്കലും മറക്കാത്ത, മറന്നുകൂടാത്ത സംഗതികൾ, ദുഃഖം, ഭയം, വേദന തുടങ്ങിയവയുടെ ആധിക്യത്താൽ സ്തബ്ധരായി മറന്നുപോവുകയാണ് ذهول. ശിശുക്കൾക്ക് മുലയൂട്ടുന്ന സ്ത്രീക്ക് مرضع എന്നാണ് പറയുക. വർത്തമാന സമയത്ത് മുലയൂട്ടിക്കൊണ്ടിരിക്കുന്ന സ്ത്രീയാണ് مرضعة. മാതാക്കൾക്ക് ശിശുവിന്റെ കാര്യത്തിൽ ഏറ്റം ജാഗ്രതയുള്ളതും അവർക്ക് സ്വന്തം രക്തത്തിൽ നിന്ന് സ്നേഹ കാരുണ്യങ്ങളുടെ പാൽ ചുരത്തിക്കൊടുക്കുന്നതും മുലയൂട്ടിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ്. അപ്പോഴാണ് ലോകാവസാനത്തിന്റെ കമ്പനമുണ്ടാകുന്നതെങ്കിൽ ആ മാതാവ് സംഭ്രമത്താൽ സ്വന്തം ചോരപ്പൈതലിനെപ്പോലും മറന്നു പോകുന്നു. ■